ചീക്കോട് കുടിവെള്ള പദ്ധതി

196(897) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചീക്കോട് കുടിവെള്ള പദ്ധതിയിൽനിന്ന് രാമനാട്ടുകര മുനിസിപ്പാലിറ്റിയിലേക്ക് വെള്ളം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) മുനിസിപ്പാലിറ്റിയിലെ മുഴുവൻ ജലവിതരണത്തിനായി പൈപ്പുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ആയതിന് എത്രയും വേഗം അനുമതി നൽകുമോ?

ഉത്തരം

(എ) രാമനാട്ടുകര മുനിസിപ്പാലിറ്റി നിലവിൽ വരുന്നതിനുമുമ്പ് രാമനാട്ടുകര പഞ്ചായത്തിലേയ്ക്ക് വെള്ളം നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) രാമനാട്ടുകര മുനിസിപ്പാലിറ്റി നിലവിൽ വരുന്നതിനുമുമ്പ് രാമനാട്ടുകര പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലേയ്ക്കും ജലവിതരണം നടത്തുന്നതിന് ഒരു പ്രൊപ്പോസൽ എസ്.എൽ.എസ്.എസ്.സി.യിലേയോ നബാർഡിന്റെയോ ധനസഹായത്തിനായി പരിഗണിച്ചിരുന്നുവെങ്കിലും പദ്ധതി പ്രദേശം ഇപ്പോൾ മുനിസിപ്പാലിറ്റിയായതിനാൽ ലിസ്റ്റിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല.

(സി) രാമനാട്ടുകര മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള ഒരു ശ്രദ്ധജലവിതരണ പദ്ധതിയുടെ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

ജപ്പാൻ കുടിവെള്ള പദ്ധതി

197(898) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയിൽനിന്ന് പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിൽ ജല വിതരണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഇതിനായി ഇനി എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാൻ ബാക്കിയുണ്ടെന്നറിയിക്കാമോ;

(സി) മേൽപ്പറഞ്ഞ പ്രവൃത്തിക്കുള്ള ഫണ്ട് എങ്ങനെയാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) ജപ്പാൻ കുടിവെള്ള പദ്ധതിയിൽനിന്നും പെരുമ്പുഴ, ചെറുവണ്ണൂർ, കടലുണ്ടി പ്രദേശത്ത് എന്നുമുതൽ ജലവിതരണം ആരംഭിക്കുവാനാവും എന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഹരോക്ക് റിവ്ലെജിലേയ്ക്ക് എത്രയും പെട്ടെന്ന് ശുദ്ധജലമെത്തിക്കാൻ വേണ്ടി ഒന്നാംഘട്ടത്തിൽ ജപ്പാൻ കടിവെള്ള പദ്ധതിയുടെ 315 എം.എം. പി.ഇ പൈപ്പും നിലവിലുള്ള 355 എം.എം.പി.വി.സി. പൈപ്പും തമ്മിൽ 440 മീറ്റർ നീളത്തിൽ 300 എം.എം ഡി.ഐ. പൈപ്പ് ഉപയോഗിച്ച് ബന്ധിപ്പിക്കേണ്ടതുണ്ട്. കൂടാതെ 35 മീ. നീളത്തിൽ 450 എം.എം. ഡി.ഐ. പൈപ്പ് ഇന്റർകണക്ഷനും പെരുമുഖം ടാങ്കിന്റെ ഇന്റർകണക്ഷനും ചെയ്യേണ്ടതുണ്ട്. ഹരോക്ക് സ്റ്റേഡിയത്തോട് ചേർന്ന് 2.88 ലക്ഷം ശേഷിയുള്ള ഒരു സമ്പും നിർമ്മിക്കേണ്ടതുണ്ട്. രണ്ടാംഘട്ടത്തിൽ ഹരോക്ക് സമ്പിൽനിന്നും പെരുമുഖം ടാങ്കിലേയ്ക്ക് പമ്പിംഗ് മെയിൻ സ്ഥാപിച്ച് പെരുമുഖം ടാങ്കിലേക്ക് ജലം പമ്പ് ചെയ്യേണ്ടതുണ്ട്. കരുവൻതുരുത്തി റിവ്ലെജിലേയ്ക്ക് ശുദ്ധജലമെത്തിക്കാൻ വേണ്ടി 350 എം.എം. വ്യാസമുള്ള ഡി.ഐ. പൈപ്പ് 370 മീ. നീളത്തിൽ ഫറോക്കിലുള്ള റെയിൽവേ ലൈൻ ക്രോസ് ചെയ്ത് നിലവിലുള്ള 355 എം.എ പി. വി. സി. പൈപ്പ് ലൈനുമായി ബന്ധപ്പെടുത്തേണ്ടതുണ്ട്. കൂടാതെ ചെനപ്പറമ്പിൽ 490 മീ. നീളത്തിൽ 350 മി. ഡി.ഐ. പൈപ്പും സ്ഥാപിക്കേണ്ടതുണ്ട്.

(സി) ഹരോക്ക് റിവ്ലെജിലേയ്ക്കുള്ള പ്രവൃത്തിക്ക് 73.00 ലക്ഷം രൂപ സാർക്ക് 2010-11-ൽ ഉൾപ്പെടുത്തിയും കരുവൻതുരുത്തി വിവ്ലെജിലേയ്ക്കുള്ള പ്രവൃത്തിക്ക് 165 ലക്ഷം രൂപ എം.എൽ.എ. ഫണ്ടിൽ ഉൾപ്പെടുത്തിയും ഭരണാനുമതി ലഭിക്കേണ്ടതായുണ്ട്.

(ഡി) ബേപ്പൂർ മേഖലയിൽ വിതരണശൃംഖലയുടെ ഏകദേശം 80% ത്തോളം പണി പൂർത്തീകരിച്ചിട്ടുണ്ട്. ആ മേഖലയിൽ പൈപ്പ് ലൈൻ ചാർജ്ജ് ചെയ്ത് പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നതിനിടെ ഇതേ കരാറുകാർ കോഴിക്കോട് കോർപ്പറേഷനിലെ കെ.എസ്.യു.ഡി.പി.-യുടെ പ്രൈയിനേജ് പദ്ധതിയുടെ പ്രവൃത്തിയിലും ഏർപ്പെടേണ്ടതായി വന്നു. എന്നാൽ ആശ്രദ്ധയിയിൽ അപകടം സംഭവിച്ചതിനാൽ ജൈക്ക കുടിവെള്ള പദ്ധതിയുടെയും പ്രവൃത്തി നിർത്തി വയ്ക്കുകയാണുണ്ടായത്. ഈ മാസം 18-ാം തീയതിയോടുകൂടി ജൈക്ക പദ്ധതിയുടെ പ്രവൃത്തി പുനരാരംഭിക്കുമെന്ന് കരാർ കമ്പനി ഉറപ്പ് നൽകിയിട്ടുണ്ട്. പണി പൂർത്തിയാകുന്നതോടുകൂടി ബേപ്പൂർ മേഖലയിലെ പൈപ്പ് ലൈനുകൾ ചാർജ്ജ് ചെയ്ത് പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യാവുന്നതാണ്. കടവുണ്ടി,

LIBRARY ARCHIVES Kerala Legislative Assembly

ചെറവണ്ണൂർ മേഖലകളിലും പണി പുനരാരംഭിക്കുന്നതോടെ വിതരണ ശൃംഖല പൂർത്തിയാക്കി കമ്മീഷൻ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കുടിവെള്ള വിതരണം

198(899) ശ്രീ. എം. പന്ത്രൻ :

ശ്രീ. പി. കെ. ഉണ്ണിദാസൻ :

ശ്രീ. വി. ശിവൻകുട്ടി :

ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം വാട്ടർ അതോറിറ്റിക്ക് പുതിയ പദ്ധതികൾ പൂർത്തീകരിച്ച് കുടിവെള്ള വിതരണം നടത്താൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തൊക്കെ കാരണങ്ങളാണെന്ന് വിശകലനം ചെയ്തിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം അധികമായി ഏർപ്പെടുത്തിയ ജലസേചനശേഷി എത്ര; ഏതൊക്കെ പദ്ധതികൾ വഴിയെന്നും അറിയിക്കാമോ;

(സി) വരൾച്ച പ്രതിരോധിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നെന്ന് വിശദമാക്കാമോ; പദ്ധതി വിഹിതത്തിന്റെ വിനിയോഗം ഫലപ്രദമാണോ; ഇല്ലെങ്കിൽ കാരണങ്ങൾ എന്തൊക്കെയാണ്?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം അധികമായി 794.28 mld ജലവിതരണശേഷി ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) വരൾച്ച പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സ്രോതസ്സ് വിപുലീകരണം, താൽക്കാലിക തടയണകൾ നിർമ്മിച്ച് ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിലേയ്ക്ക് പൈപ്പ് ലൈനുകൾ ദീർഘിപ്പിക്കൽ, പമ്പ് സെറ്റുകൾ മാറ്റി സ്ഥാപിക്കൽ, പമ്പിംഗ് സമയം കൂട്ടുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിക്ക് അനുവദിച്ച തുകകൾ കാലതാമസം കൂടാതെ വിനിയോഗിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly